# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം
## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4234 21.7.2015-ൽ മറുപടിയ്ക്ക്

### കെപ്കോ ചിക്കൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.ശിവൻകുട്ടി<br>ശ്രീ.എ.എം.ആരിഫ്<br>ശ്രീ.എസ്.രാജേന്ദ്രൻ<br>ശ്രീ.ബി.ഡി.ദേവസ്സി | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും,മൃഗസംരക്ഷണവും അച്ചടിയും,സ്റ്റേഷനറിയും വകുപ്പ മന്ത്രി) |
| എ) പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷൻ ചിക്കൻ വില കുത്തനെ കൂട്ടാനുണ്ടായ കാരണം എന്താണ്; | എ) പൊതുമേഖലാ സ്ഥാപനമായ കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ ഇതിന് മുൻപ് അവസാനമായി കോഴിയിറച്ചിയുടെ വില കൂട്ടിയത് 5.6.2013 -ലാണ്. അന്ന് മുതൽ ഒരു കിലോ കോഴിയിറച്ചി (whole chicken without skin) 137/- രൂപ + 14.5% വാറ്റ് എന്ന നിരക്കിലാണ് വിറ്റിരുന്നത്. അത് 1.7.2015 മുതൽ 170/- രൂപ + 14.5% വാറ്റ് എന്ന നിരക്കിലാണ് വർദ്ധിപ്പിച്ചിട്ടുള്ളത്. കിലോയ്ക്ക് 80/- മുതൽ 100 രൂപ വരെ വിലയുള്ള ജീവനുള്ള കോഴിയെ സംസ്കരിക്കുമ്പോൾ 66% ഡ്രസ്സിംഗ് കുറവ് കണക്കാക്കിയാൽ ഒരു കിലോ കോഴിയിറച്ചിക്ക് 150/- രൂപയാകും. കൂടാതെ കോഴിയുടെ സംസ്കരണം, പാക്കിംഗ് തുടങ്ങിയവയുടെ ചിലവും(15 രൂപ) 14.5% നിരക്കിൽ വില്പന നികുതി കൂടി ചേർക്കുമ്പോൾ ആകെ വില ഏകദേശം 190/- രൂപയാകും. ഇത് കൂടാതെ വില്പന ഏജൻസികൾക്കുള്ള കമ്മീഷൻ ഒരു കിലോയ്ക്ക് 15/- രൂപ നിരക്കിൽ വർദ്ധിപ്പിച്ചിട്ടുണ്ട്. പൊതു വിപണിയിലെ വിലയ്ക്ക് ആനുപാതികമായി ഉപഭോക്താക്കൾക്ക് ഗുണമേന്മയേറിയ കോഴിയിറച്ചി ലഭ്യമാക്കുന്നതിനും, ഇന്റഗ്രേഷൻ കർഷകർക്ക് ന്യായമായ വളർത്ത് കൂലി നൽകുന്നതിനും, ഏജൻസികൾക്ക് ന്യായമായ കമ്മീഷൻ നൽകുന്നതിനും വേണ്ടിയാണ് ലാഭേച്ഛയില്ലാതെ കെപ്കോ ചിക്കൻ നൽകുന്നത്. |
| ബി) പൊതുവിപണിയിലെ ചിക്കന്റെ വിലയും കെപ്കോ ചിക്കന്റെ വിലയും തമ്മിലുള്ള അന്തരം വ്യക്തമാക്കാമോ ; | ബി) പൊതു വിപണിയിൽ പ്രോസസ് ചെയ്ത കോഴിയിറച്ചിയുടെ വില കിലോയ്ക്ക് 200/- രൂപയ്ക്ക് മുകളിലാണ്. കെപ്കോ കോഴിയിറച്ചിക്ക് കിലോയ്ക്ക് 170/- രൂപയും 14.5% നികുതിയുമാണ്. |

നിലവിൽ കെപ്കോ ചിക്കന്റെ വില പൊതു വിപണിയിലെ വിലയെക്കാൾ വാസ്തവത്തിൽ കുറവാണ്.

സി) കെപ്കോ ചിക്കന്റെ വിലക്കയറ്റം സ്വകാര്യ കച്ചവടക്കാരെ സഹായിക്കാനാണ് എന്ന ആക്ഷേപം സംബന്ധിച്ച് വിശദമാക്കാമോ ;

സി) കെപ്കോ ചിക്കന്റെ വിലക്കയറ്റം സ്വകാര്യ കച്ചവടക്കാരെ സഹായിക്കാനാണ് എന്ന ആക്ഷേപം അടിസ്ഥാന രഹിതമാണ്. കെപ്കോ ചിക്കന്റെ വില കഴിഞ്ഞ രണ്ട് വർഷക്കാലമായി മാറ്റമില്ലാതെ നിലനിൽക്കുന്നുണ്ട്. തമിഴ്നാട്ടിൽ വൻകിട ഇറച്ചിക്കോഴിക്കച്ചവടക്കാർ ഉല്പാദനവും, വിപണനവും നിയന്ത്രിച്ച് കൃത്രിമ ക്ഷാമം സൃഷ്ടിച്ച് അനിയന്ത്രിതമായി വില വർദ്ധിപ്പിക്കുമ്പോൾ കെപ്കോ വിപണിയിൽ ഇടപെടുകയും മിതമായ വിലയ്ക്ക് ഗുണനിലവാര മേറിയ കോഴിയിറച്ചി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുകയും ചെയ്യുന്നു. കെപ്കോ ചിക്കന്റെ വില വർദ്ധിപ്പിച്ചതിന്റെ നേട്ടം കെപ്കോയിൽ മാത്രം ഒതുങ്ങി നിൽക്കുന്നില്ല. അതിന്റെ ഒരു വിഹിതം, വർദ്ധിപ്പിച്ച വളർത്ത് കൂലിയായി ഇന്റഗ്രേഷൻ കർഷകരിലേക്കും, വർദ്ധിപ്പിച്ച കമ്മീഷനായി വിവിധ കെപ്കോ ചിക്കൻ വിപണന ഏജൻസികളിലേക്കും എത്തിച്ചേരുന്നു.

ഡി) വിലക്കയറ്റം കെപ്കോയുടെ പ്രവർത്തനത്തെ എത്രത്തോളം ബാധിക്കുമെന്ന് അറിയിക്കാമോ?

ഡി) കെപ്കോ കോഴിയിറച്ചിയുടേയും, അനുബന്ധ ഉല്പന്നങ്ങളുടേയും വില വർദ്ധനവ് കെപ്കോയുടെ സാധാരണ പ്രവർത്തനത്തെ ബാധിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ